LIBRARY ARCHIVES Kerala Legislative Assembly

മലമ്പുഴയിലേക്കുള്ള ജലസ്രോതസ്സുകളുടെ ഗതിമാറ്റൽ

45 [202] ശ്രീ. വി. കെ ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലമ്പുഴയിലേക്കുള്ള ജലസ്രോതസ്സുകൾ തമിഴ്നാട് തടഞ്ഞ് ഗതിമാറ്റിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലമ്പുഴ ഡാമിലേക്കുള്ള എത്ര അരുവികളുടെ ഗതി മാറ്റിയിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്; എങ്കിൽ അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഇക്കാര്യത്തിൽ തമിഴ്നാട് ജലസേചന വകുപ്പുമായി ചർച്ചകൾ വല്ലതും നടത്തിയിട്ടുണ്ടോ; എങ്കിൽ ചർച്ചയുടെ വിശദാംശം വ്യക്തമാക്കാമോ;

(ഡി) അനധികൃതമായി തമിഴ്നാട് നിർമ്മിച്ച തടയണകൾ പൊളിച്ചുമാറ്റുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചുവരുന്നുണ്ടോ; ഇത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മലമ്പുഴ പദ്ധതിയുടെ ജലസ്രോതസ്സുകളിൽ ഒന്നായ ഒന്നാം പുഴയിലേക്ക് എത്തിച്ചേരേണ്ടിയിരുന്ന ഒരു നീരൊഴുക്ക് താൽക്കാലിക തടസ്സം സൃഷ്ടിച്ച് ഗതിമാറ്റിയതായി കണ്ടെത്തിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) തടയണ നിർമ്മിച്ചിരിക്കുന്നത് കേരളാതിർത്തിക്കുള്ളിലാണോ എന്ന് നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല. അതിർത്തി നിർണ്ണയിച്ച ശേഷം കേരളാതിർത്തിക്കുള്ളിലാണെങ്കിൽ പൊളിച്ചുമാറ്റാൻ നടപടി സ്വീകരിക്കുന്നതാണ്.

മലമ്പുഴയിൽ നിന്നും തമിഴ്നാട് വെള്ളം ചോർത്തിയത് സംബന്ധിച്ച് നടത്തിയ അന്വേഷണം

46 [203] ശ്രീ. എ. പി. അനിൽകുമാർ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
,, കെ. എ. ചന്ദ്രൻ :
,, സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലമ്പുഴയിൽ നിന്ന് തമിഴ്നാട് വെള്ളം ചോർത്തുന്നുണ്ടോ;